അടിസ്ഥാനത്തിൽ ബോർഡിന്റെ സ്വന്തമായ കോസ്റ്റ് ഡാറ്റാ ബാങ്ക് തയ്യാറാക്കി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് കോർപ്പറേറ്റ് പ്ലാനിംഗ് ചീഫ് എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി&ഇ) ഇത്തരം ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുള്ളത് ബോർഡാണ്. ഇതിന് സർക്കാർ അനുമതി ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

വൈദ്യുതി ബോർഡിന്റെ ഒരേ നമ്പരിലുള്ള രണ്ട് ഉത്തരവുകൾ

77 (229) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-മാണ്ട് ഫെബ്രുവരി 23 ന് ഒരേ നമ്പരിൽ രണ്ട് ഉത്തരവുകൾ സംസ്ഥാന വൈദ്യുതി ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഈ ഉത്തരവുകളുടെ ഓരോ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഇതിൽ ഏതെങ്കിലും ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഈ ഉത്തരവുകളിൽ നിലവിലുള്ളത് ഏതെന്ന് അറിയിക്കുമോ ;

(എഫ്) പ്രസ്തുത ഉത്തരവാണ് പ്രാബല്യത്തിൽ ഉള്ളതെന്ന് ചൂണ്ടിക്കാട്ടി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) ഉത്തരവ് ഏതാണെന്ന് വ്യക്തമാക്കിയാൽ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

(ഡി) പ്രസക്തമല്ല.

(ഇ) പ്രസക്തമല്ല.

(എഫ്) പ്രസക്തമല്ല.

വൈദ്യുതി ഉൽപാദനം

78 (230) ശ്രീ. കെ. സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ എത്ര ശതമാനമാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട എത്ര യൂണിറ്റ് വൈദ്യുതി പ്രതിമാസം ലഭിക്കുന്നുണ്ട് ;

(ഡി) സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ലോഡ് ഷെഡിംഗ് എന്നത്തേയ്ക്ക് പിൻവലിക്കും എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ലോഡ് ഷെഡിംഗ് പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2000 ജനുവരി മുതൽ മെയ് വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉൽപാദനം 26.43 ദശലക്ഷം യൂണിറ്റായിരുന്നു.

(ബി) ഇത് സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ 75.96 ശതമാനം ആണ്.

(സി) ജനുവരി 2000 മുതൽ കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതി താഴെ കാണുംപ്രകാരമാണ്.

ജനുവരി	280.97	മില്യൻ യൂണിറ്റ്
ഫെബ്രുവരി	261.55	"
മാർച്ച്	275.95	"
ഏപ്രിൽ	213.68	"
മേയ്	256.56	"

(ഡി) സംസ്ഥാനത്ത് ജില്ലാ ആസ്ഥാനങ്ങളൊഴികെയുള്ള പ്രദേശങ്ങളിൽ പ്രവർത്തി ദിവസങ്ങളിൽ ലോഡ് ഷെഡിംഗ് നിലവിലുണ്ട്.

(ഇ&എഫ്) സംസ്ഥാനത്തെ വൈദ്യുതി പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുകയാണ്. അവ പൂർത്തിയായിക്കഴിഞ്ഞാൽ ലോഡ് ഷെഡിംഗ് പിൻവലിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത ബോർഡിന് സബ്സിഡി ഇനത്തിൽ നൽകേണ്ട തുക

79 (231) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ കഴിഞ്ഞ നാല് വർഷത്തെ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly